പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1729 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| റോഡുകളുടെ പുനരുദ്ധാരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അനിൽ അക്കര | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് അനുവദിച്ച പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ വടക്കാഞ്ചേരി നഗരസഭയിലെ ഊത്രാളിക്കാവ് ടെമ്പിൾ റോഡ്, കാട്ടിലങ്ങാടി റോഡ് കോൺക്രീറ്റ്, ഞാറക്കുളങ്ങര റോഡ് എന്നിവ പുനരുദ്ധാരണം നടത്തുന്നതിന് നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ? | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് വടക്കാഞ്ചേരി എം.എൽ.എ.യുടെ പ്രത്യേക വികസനഫണ്ടിൽ നിന്നും വകയിരുത്തി ഭരണാനുമതി ലഭിച്ച വടക്കാഞ്ചേരി നഗരസഭയിലെ ഉത്രാളിക്കാവ് ടെബിൾ റോഡ്, കാട്ടിലങ്ങാടി റോഡ്, ഞാറകുളങ്ങര റോഡ് എന്നിവയ്ക്ക് എൻ.ഒ.സി. നൽകുന്ന വിഷയം 17.11.2017 ാം തീയ്യതിയിലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നഗരസഭാ സെക്രട്ടറി അജണ്ടയായി സമർപ്പിക്കുകയും ടി വിഷയം കൗൺസിൽ പരിഗണനയ്ക്ക് അയക്കുകയും ചെയ്തിരുന്നു. എന്നാൽ ഉത്രാളിക്കാവ് ടെബിൾ റോഡ്, ഞാറകുളങ്ങര റോഡ് എന്നിവയ്ക്ക് എൻ.ഒ.സി. നൽകുന്ന കാര്യം കൗൺസിൽ ചർച്ച ചെയ്യുകയോ തീരുമാനമാക്കുകയോ ചെയ്തിട്ടില്ല. കാട്ടിലങ്ങാടി റോഡിന് വടക്കാഞ്ചേരി നഗരസഭ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും, സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടറിനുള്ള നടപടികളും നഗരസഭ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുള്ള റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് നിലവിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ